# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *458 — 20/10/2011 ൽ മറുപടിക്ക്

### റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ എത്തുന്നത് തടയാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. എൻ. പ്രതാപൻ<br>,, വി. ഡി. സതീശൻ<br>,, സി. പി. മുഹമ്മദ്<br>,, ഡൊമിനിക് പ്രസന്റേഷൻ | ശ്രീ.ടി.എം.ജേക്കബ്<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ എത്തുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | (എ) | റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ എത്തുന്നത് തടയാൻ പൊതുവിതരണ ശൃംഖലകളിലും പൊതുകമ്പോളത്തിലും ശക്തമായ പരിശോധനകൾ നടത്തിവരുന്നു. പരാതികൾ അറിയിക്കുന്നതിന് ടോൾ ഫ്രീ നമ്പർ നിലവിലുണ്ട് (നമ്പർ 1800-425-1550). റേഷൻ സാധനങ്ങളുടെ വിതരണത്തിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും സിവിൽ സപ്ലൈസ് വകുപ്പിൽ റേഷനിംഗ് ഇൻസ്പെക്ടർ മുതൽ വിജിലൻസ് ഓഫീസർ തലം വരെയുള്ള ഉദ്യോഗസ്ഥർ റേഷൻ കടകളിലും റേഷൻ മൊത്ത വിതരണക്കടകളിലും സ്ഥിരം പരിശോധനകളും മിന്നൽ പരിശോധനകളും നടത്തിവരുന്നുണ്ട്. എഫ്.സി.ഐ ഡിപ്പോകളിലും റേഷൻ മൊത്ത വ്യാപാര ഡിപ്പോകളിലും വിതരണ ദിവസങ്ങളിൽ റേഷനിംഗ് ഇൻസ്പെക്ടർ തസ്തികയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ നിയമിച്ച് വിതരണം നിരീക്ഷിച്ചും വരുന്നു. |

(ബി) ഗോഡൗണുകളിൽ നിന്ന് റേഷൻ സാധനങ്ങൾ കാർഡുടമകൾക്ക് ലഭിക്കുന്നതു വരെയുള്ള വിവിധ തലങ്ങളിൽ ഉണ്ടാകുന്ന ക്രമക്കേടുകൾക്ക് പരിഹാരം കാണുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

(ബി) എഫ്.സി.ഐ ഡിപ്പോകളിലും റേഷൻ മൊത്ത വ്യാപാര ഡിപ്പോകളിലും വിതരണ ദിവസങ്ങളിൽ റേഷനിംഗ് ഇൻസ്പെക്ടർ തസ്തികയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ നിയമിച്ച് എഫ്.സി.ഐയിൽ നിന്നും വിട്ടെടുക്കുന്ന സാധനങ്ങൾ മൊത്ത വ്യാപാര ഡിപ്പോകളിൽ എത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. അവിടെ നിന്നും റേഷൻ കടകളിൽ ഈ ഭക്ഷ്യ ധാന്യങ്ങൾ കൃത്യമായി എത്തുന്നുണ്ടെന്നും ഉറപ്പ് വരുത്തുന്നുണ്ട്. റേഷൻ സാധനങ്ങളുടെ വിതരണത്തിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും സിവിൽ സപ്ലൈസ് വകുപ്പിൽ റേഷനിംഗ് ഇൻസ്പെക്ടർ മുതൽ വിജിലൻസ് ഓഫീസർ തലം വരെയുള്ള ഉദ്യോഗസ്ഥർ റേഷൻ കടകളിലും റേഷൻ മൊത്ത വിതരണക്കടകളിലും സ്ഥിരം പരിശോധനകളും മിന്നൽ പരിശോധനകളും നടത്തിവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ.